# മതിര

# എൽ പി എസ്

# അക്കാദമിക മാസ്റ്റർപ്ലാൻ

# സമഗ്ര ഗുണമേന്മാ വിദ്യാലയവികസന-രേഖ.

# ഉള്ളടക്കം

1. ആമുഖം.
2. ലക്ഷ്യങ്ങൾ
3. വിദ്യാലയത്തിന്റെ ലഘുചരിത്രം.
4. വിദ്യാലയം മികവിന്റെ കേന്ദ്രം
5. പദ്ധതി രൂപീകരണ പ്രക്രിയ - വിവിധ ഘട്ടങ്ങളിലൂടെ നടന്ന കാര്യങ്ങൾ.
6. നിലവിലുള്ള അവസ്ഥാവിശകലനം.
7. മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ.
8. പദ്ധതി വിശദാംശങ്ങൾ.
9. പ്രതീക്ഷിത നേട്ടങ്ങൾ.
10. മോണിട്ടറിംഗ്
11. ഉപസംഹാരം.
12. അനുബന്ധം.

# 1. ആമുഖം

പൊതുവിദ്യാലയങ്ങൾ നാടിന്റെ സമ്പത്താണ്. ഭരണഘടന വിഭാവനം ചെയ്യുന്ന സൗജന്യവും സാർവത്രികവുമായ വിദ്യാഭ്യാസം സാക്ഷാത്കരിക്കുവാൻ പൊതുവിദ്യാഭ്യാസ സമ്പ്രദായത്തിലൂടെ മാത്രമേ സാധ്യമാകൂ. ഇതിനായി സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നിരിക്കുന്ന പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ രണ്ടാം ഘട്ടമായി സമഗ്ര വിദ്യാഭ്യാസ വികസന പദ്ധതിയെ കാണേണ്ടതുണ്ട്. പൊതു വിദ്യാലയങ്ങൾ എല്ലാ അർത്ഥത്തിലും വികാസത്തിന്റെ കേന്ദ്രമാക്കി മാറ്റിയെടുക്കുന്നതിന് അനുയോജ്യമായ പ്രവർത്തനങ്ങൾക്കാണ് സമഗ്ര വിദ്യാഭ്യാസ വികസന രേഖ ഊന്നൽ നൽകുന്നത്. പൊതു വിദ്യാഭ്യാസ രംഗത്ത് നമ്മുടെ സ്കൂൾ നാളിത് വരെ കൈവരിച്ച അക്കാദമികവും, ഭൗതികവും സാമൂഹികവുമായ നേട്ടങ്ങളെ മുൻനിർത്തി ഭാവിയുടെ സാംസ്കാരിക കേന്ദ്രമായി സ്കൂളിനെ മാറ്റിയെടുക്കുന്നതിന് നാം ഓരോരുത്തരും ഈ യജ്ഞത്തിൽ പങ്കാളികളാകേണ്ടതുണ്ട്.

ശാസ്ത്രവും, സാങ്കേതിക വിദ്യയും അനുനിമിഷം പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. ഈ മാറ്റങ്ങൾ നമ്മുടെ വിദ്യാഭ്യാസ രംഗത്തും പ്രതിഫലിക്കുന്നുണ്ട്. ഈ അവസരത്തിൽ വിദ്യാലയത്തിന്റെയും, വിദ്യാർത്ഥികളുടെയും സമസ്ത മേഖലകളെയും സ്പർശിച്ചു കൊണ്ടുള്ള മാറ്റങ്ങളാണ് മുന്നിൽ കാണേണ്ടത്. അക്കാദമിക രംഗത്ത് മികച്ച നേട്ടങ്ങൾ കൈവരിക്കാൻ സ്കൂളിന് കഴിഞ്ഞിട്ടുണ്ടെങ്കിലും ഭൗതിക സാഹചര്യങ്ങളുടെ പരിമിതി മുഖ്യ പ്രശ്നമാണ്. ഈ പരിമിതികൾ തരണം ചെയ്യുന്നതിന് സമൂഹ പങ്കാളിത്തം അനിവാര്യമാണ്. കൂട്ടായ്മയിലൂടെ ഈ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ നമുക്ക് സാധിക്കണം

പൊതു വിദ്യാലയങ്ങളുടെ നഷ്ടപ്പെട്ട പ്രതാപം വീണ്ടെടുക്കുന്നതിനും ആധുനിക വെല്ലുവിളികൾ നേരിടുന്നതിനും

സ്കൂളിനെ സജ്ജമാക്കേണ്ടതുണ്ട്. വിഷയാടിസ്ഥാനത്തിലുള്ള മികവ്. കുട്ടികളുടെ പങ്കാളിത്തം, അവസരതുല്യത എല്ലാവിഭാഗങ്ങളെയും ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെയും പരിഗണിച്ച് വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കി മാറ്റാൻ കഴിയണം. ഭാവി തലമുറയ്ക്ക് നാം നൽകുന്ന ഏറ്റവും വലിയ സംഭാവനയായി ഈ പ്രവർത്തനങ്ങൾ മാറേണ്ടതുണ്ട്. എല്ലാ വിഭാഗം ജനങ്ങളിൽ നിന്നുമുള്ള പിന്തുണ ആർജ്ജിച്ച് മതിര എൽ.പി.എസ്സിനെ മികവിന്റെ കേന്ദ്രമാക്കാനുള്ള പ്രവർത്തനങ്ങളിൽ നമുക്ക് ഒരുമിച്ച് കൈകോർക്കാം

## 2. ലക്ഷ്യങ്ങൾ.

- എല്ലാവർക്കും എഴുത്തും വായനയും (മലയാളം, ഇംഗ്ലീഷ്)
- മാതൃഭാഷാ നിലവാരം ഉയർത്തൽ.
- വായനയെ പ്രോത്സാഹിപ്പിക്കൽ.
- പൊതുവിജ്ഞാനം വർദ്ധിപ്പിക്കുക.
- സമകാലിക അറിവുകൾ വർദ്ധിപ്പിക്കുക.
- അമ്മ വായനയിലൂടെ കുട്ടിയുടെ വായന അറിവ് വളർത്തുക.
- രചനകൾ - സർഗ്ഗശേഷി വികസിപ്പിക്കൽ.
- മാധ്യമങ്ങളെ അടുത്തറിയൽ.
- സാഹിത്യ ശാഖകൾ പരിചയപ്പെടൽ.
- വായന അനുഭവം പങ്കുവയ്ക്കൽ
- കുട്ടികളുടെ രചനകൾ പൊതു സമൂഹവുമായി പങ്കുവയ്ക്കൽ (മാഗസിൻ)
- ഭിന്നശേഷിക്കാരെ എഴുത്തും വായനയിലേക്കും നയിക്കൽ.
- ദിനങ്ങളുടെ പ്രാധാന്യം മനസ്സിലാക്കൽ.
- പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക.
- പ്രകൃതിയിലെ പരസ്പരാശ്രയത്വം തിരിച്ചറിയുക.
- വ്യക്തിശുചിത്വം, സാമൂഹിക ശുചിത്വം എന്നിവ പാലിക്കുക.
- എല്ലാ കുട്ടികളെയും ഗണിതത്തിന് അടിസ്ഥാന ശേഷി വികസിപ്പിക്കുക.
- കളികളിലൂടെ ഗണിതത്തിൽ താൽപര്യം വർദ്ധിപ്പിക്കുക.
- ഗണിതാശയങ്ങൾ ഉൾക്കൊണ്ട ക്ലാസ് മുറി സജ്ജീകരണം. [ഗണിതമൂല]
- ICT സാധ്യത പഠനവഴി പ്രയോജന പ്പെടുത്തുക [Smart classroom]

## 3. വിദ്യാലയത്തിന്റെ ലഘുചരിത്രം

ചടയമംഗലം നിയോജകമണ്ഡലത്തിൽ

ചിതറ ഗ്രാമപഞ്ചായത്തിലെ മതിര എന്ന ഗ്രാമത്തിൽ സ്ഥിതിചെയ്യുന്ന സർക്കാർ ധനസഹായമുള്ള സ്വകാര്യ-വിദ്യാലയമാണ് മതിര എൽ. പി. എസ് നൂറിലേറെ വർഷം പഴക്കമുള്ള സ്കൂളിന്റെ ആദ്യകാല ചരിത്രത്തെ സംബന്ധിച്ചുള്ള രേഖകളൊന്നും ലഭ്യമല്ല. ഏകാധ്യാപക വിദ്യാലയമായിട്ടാണ് പ്രവർത്തനം ആരംഭിച്ചത്. പിന്നീട് രണ്ടാം ക്ലാസ്സുവരെയുള്ള വിദ്യാലയമായി. വളർച്ചയുടെ പടവുകൾ പിന്നിട്ട് ഇന്ന് സബ്ജില്ലയിലെ തന്നെ മികച്ച സ്കൂളായി മാറി. കഴിഞ്ഞു മുന്നൂറിലേറെ കുട്ടികൾ പഠിച്ചിരുന്ന സ്കൂളിൽ ഇപ്പോൾ കുട്ടികളുടെ എണ്ണത്തിലും ഗണ്യമായ കുറവ്‌ വന്നിട്ടുണ്ട്. അമ്പത് വർഷത്തിലേറെ പഴക്കമുള്ള കെട്ടിടങ്ങളായതിനാൽ കൂടുതൽ അറ്റകുറ്റപ്പണികളും ആവശ്യമായിട്ടുണ്ട്. സ്കൂൾ അഭിമുഖീകരിക്കുന്ന മുഖ്യപ്രശ്നവും ഇതുതന്നെയാണ്.

മതിരയുടെ വിദ്യാഭ്യാസ നഭോമണ്ഡലത്തിൽ ഒരു ശുക്രനക്ഷത്രമായി പരിലസിക്കുകയാണ് നമ്മുടെ വിദ്യാലയം. സാമൂഹിക, സാംസ്കാരിക, രാഷ്ട്രീയ രംഗങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ച ഒട്ടനവധി മഹാരഥന്മാർക്ക് ആദ്യാക്ഷരം പകർന്നു നൽകിയ സരസ്വതി ക്ഷേത്രമാണ് മതിര L.P.S. പരിമിതികൾക്ക് നടുവിൽ നിൽക്കുമ്പോഴും.

എല്ലാ വിഭാഗം ജനങ്ങളുടെയും പിന്തുണയും പ്രോ-
ത്സാഹനവും മികവിന്റെ പടവുകൾ താണ്ടുന്നതിന് സ്കൂ-
ളിന് സഹായകരമാകുന്നുണ്ട്.

അർപ്പണ മനോഭാവമുള്ള അധ്യാപകരും വൈവിധ്യമാർന്ന
പഠനതന്ത്രങ്ങളും. രസകരമായ പഠനപ്രവർത്തനങ്ങളും
പഠനയാത്രകളും, ഫീൽഡ്ട്രിപ്പുകളും പഠന മികവ്-
കൈവരിക്കുന്നതിന് സഹായകമായിട്ടുണ്ട്.

# 4. വിദ്യാലയം മികവിന്റെ കേന്ദ്രം

വിദ്യാലയം മികവിന്റെ കേന്ദ്രമായി മാറുമ്പോൾ ശിശുസൗഹൃദവും ചലനാത്മകവുമായ ഒരു പഠനാന്തരീക്ഷം ക്ലാസ്മുറികളിൽ ഒരുക്കുക എന്നതാണ് പ്രധാന ലക്ഷ്യം. വിദ്യാഭ്യാസ നിയമം അനുശാസിക്കുന്നതിനനുസരിച്ച് വിദ്യാലയത്തിലെത്തുന്ന ഓരോ കുട്ടിയും നൂതനമായ വിദ്യാഭ്യാസ സമ്പ്രദായത്തിലൂടെ അറിവ് നേടേണ്ടതുണ്ട്. നാടിന്റെ സാംസ്കാരിക കേന്ദ്രങ്ങളായ സ്കൂളുകളിൽ കുട്ടികളുടെ സർവതോമുഖമായ വികസനത്തിന് പര്യാപ്തമായ ബോധന സമ്പ്രദായമാണ് വളർത്തിയെടുക്കേണ്ടത്.

കുട്ടികളുടെ സമഗ്രവികസനത്തിനുതകുന്ന പഠനാന്തരീക്ഷവും ഭൗതിക സാഹചര്യങ്ങളും പഠനപ്രവർത്തനങ്ങളും ആസൂത്രണം ചെയ്യേണ്ടതുണ്ട്. വായനയുടെ ലോകത്തേക്ക് കുട്ടികളെ കൈപിടിച്ചാനയിക്കുന്നതിനായി സ്കൂളിൽ ആരംഭിച്ച ക്ലാസ് ലൈബ്രറികളുടെ പ്രവർത്തനം കുട്ടികളിൽ പുത്തനുണർവ് സൃഷ്ടിച്ചു. ഇതോടൊപ്പം ആരംഭിച്ച അമ്മവായനയും മികച്ച പ്രതികരണമാണുളവാക്കിയത്. ക്ലാസ് മുറികളിലേക്കായി പൊതുജന പങ്കാളിത്തത്തോടെ പുസ്തകസമാഹരണ യജ്ഞം സംഘടിപ്പിച്ചതിലൂടെ കൂടുതൽ ബാലസാഹിത്യ കൃതികൾ ലഭ്യമാക്കാൻ സാധിച്ചു.

പ്രാദേശിക വിഭവങ്ങൾ കണ്ടെത്തുക, രൂപപ്പെടുത്തൽ, കുട്ടികളുടെ വികസനത്തിനായി ഉപയോഗിക്കൽ എന്നിവയും ഗ്രീൻ പ്രോട്ടോക്കോൾ വിവിധതരം തോട്ടങ്ങൾ ജൈവ വൈവിധ്യ പാർക്ക്, വിവര സാങ്കേതിക വിദ്യ, കായിക വിദ്യാഭ്യാസം, സ്മാർട്ട് ക്ലാസ് റൂമുകൾ എന്നിവയിലൂടെ വിദ്യാലയത്തിന്റെ അക്കാദമികവും ഭൗതികവുമായ വികസനമാണ് ലക്ഷ്യമിടുന്നത്.

സ്കൂൾ അസംബ്ലിയിൽ വൈവിധ്യമാർന്ന പരിപാടികൾ സംഘടിപ്പിച്ച് ഓരോ അസംബ്ലിയും ഒരു പഠന ക്ലാസാക്കി മാറ്റൽ, വിദ്യാലയം ഏറ്റെടുത്ത് നടത്തുന്ന പ്രവർത്തനങ്ങൾ, പഠന പ്രവർത്തനങ്ങൾ കൊണ്ട് ചുമരുകളും, വിദ്യാലയവും മനോഹരമാക്കൽ, പഠന വിനോദ യാത്രകൾ, രക്ഷിതാക്കൾക്കുള്ള ബോധവൽക്കരണ ക്ലാസുകൾ, സ്കൂളിന്റെ മികവുകൾ പ്രദർശിപ്പിക്കൽ, സർഗ്ഗാത്മക പരിപോഷിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ എന്നിവയിലൂടെ കുട്ടികൾക്ക് മികച്ച പഠനാനുഭവങ്ങൾ നൽകി പഠനം കൂടുതൽ രസകരമാക്കുന്നു.

കുട്ടികൾക്ക് പഠനത്തിനുള്ള ഊർജ്ജവും ലഭിക്കുന്നതിനും ആരോഗ്യമുള്ള പൗരന്മാരെ വാർത്തെടുക്കുന്നതിനുമായി പൂർവ്വവിദ്യാർത്ഥികളുടെ പൂർണ്ണ സഹകരണത്തോടെ നടത്തുന്ന പ്രഭാത ഭക്ഷണവും സമ്പൂർണ്ണവും പോഷക സമൃദ്ധവുമായ ഉച്ചഭക്ഷണം എന്നിവയും എടുത്തുപറയേണ്ടതായുണ്ട്. ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തുന്ന പ്രവർത്തനങ്ങൾ ഓരോ ദിനത്തെയും അടുത്തറിയുന്നതിനും സർഗാത്മക പരിപോഷിപ്പിക്കുന്നതിനും സഹായകമാകുന്നുണ്ട്.

അധ്യാപക രക്ഷാകർതൃബന്ധം മെച്ചപ്പെടുന്നതിനും സമൂഹ പങ്കാളിത്തം ഉറപ്പാക്കുന്നതിനുമായി സംഘടിപ്പിച്ച കോർണർ P.T.A കൾ മികച്ച പ്രതികരണമാണുളവാക്കിയത്. ഓരോ കുട്ടിയും ചുരുങ്ങിയത് 3 വിഷയങ്ങളിലെങ്കിലും ഭാഷാജ്ഞാനവും ആശയവിനിമയ ശേഷിയും നേടണം. കുട്ടിയുടെ കഴിവ് കേവലം പഠനവിഷയങ്ങളിൽ ഒതുങ്ങാതെ സർഗ്ഗപരമായ എല്ലാ കഴിവുകളും വികസിപ്പിക്കുന്നതിനുതകുന്ന തരത്തിൽ സമഗ്ര വികസനം സാധ്യമാകണം. അന്താരാഷ്ട്ര പഠനനിലവാരം ഉറപ്പിക്കുന്നതിനാവശ്യമായ പഠനോപകരണങ്ങൾ, ഭൗതിക സാഹചര്യങ്ങൾ എന്നിവ സ്കൂളിൽ സജ്ജമാകണം.

സ്കൂൾ ഒരു ടാലന്റ് ലാബ് എന്ന ആശയം സാർത്ഥകമാകണം. എല്ലാ കുട്ടികൾക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുകയും മെച്ചപ്പെട്ട പഠനാന്തരീക്ഷം ഒരുക്കി സാമൂഹിക പ്രതിബദ്ധത കുട്ടികളിലൂടെ ഉറപ്പിക്കുന്ന അക്കാദമികേതര പ്രവർത്തനങ്ങൾക്ക് കൂടി സജീവ പങ്കാളിത്തം ഉറപ്പ് വരുത്തണം. സാമൂഹ്യ പങ്കാളിത്തം ഉറപ്പുവരുത്തലും പി.ടി.എ, എം.പി.ടി.എ എന്നീ കമ്മിറ്റികളുടെ മികവുറ്റ പ്രവർത്തനങ്ങളും ലക്ഷ്യനിർവഹണത്തിന് അത്യന്താപേക്ഷിതമായ ഘടകങ്ങളാണ്.

വിദ്യാലയത്തിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ലിംഗസമത്വം ഉറപ്പുവരുത്തുകയും സാമൂഹ്യനീതി ഉറപ്പാക്കി എല്ലാവരിലും മതേതരത്വ കാഴ്ചപ്പാട് രൂപപ്പെടുത്തി എടുക്കുന്നതിനും പൊതുവിദ്യാലയങ്ങളുടെ യശസ്സ് ഉയർത്തിപ്പിടിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾക്കായി നമുക്കൊരുമിച്ച് മുന്നേറാം.

# 5. പദ്ധതി രൂപീകരണ പ്രക്രിയ

## വിവിധ ഘട്ടങ്ങളിലൂടെ നടന്ന കാര്യങ്ങൾ.

- വിദ്യാലയ വികസന പദ്ധതി രൂപീകരിച്ചു പ്രവർത്തനങ്ങൾ നടന്നുവരുന്നു. 20.09.2017 കരട് രേഖ തയ്യാറാക്കി (അക്കാദമിക മാസ്റ്റർ പ്ലാൻ) [P.T.A. SRG SMC)
- ഓഫീസ് മുറി നവീകരണം മാനേജ്മെന്റിന്റെ സഹായത്തോടെ മെച്ചപ്പെടുത്തിക്കൊണ്ടിരിക്കുന്നു. [തറ ടൈൽ പാകി]
- ഇലക്ട്രിഫിക്കേഷൻ ഓഫീസ്, ക്ലാസ് മുറികൾ എന്നിവ മെച്ചപ്പെടുത്തുന്നു. [H.M, മാനേജ്മെന്റ്, Trs]
- ക്ലാസ് മുറികൾ മെച്ചപ്പെടുത്തി വരുന്നു. [ഡസ്ക്, ഫാൻ, ലൈറ്റ്] [P.T.A പൂർവ്വ വിദ്യാർത്ഥികൾ]
- പാചകപ്പുര നവീകരണം തുടരുന്നു. [മാനേജ്മെന്റ്]
- ജൈവവൈവിധ്യ പാർക്ക് ഒരുക്കങ്ങൾ പൂർത്തീകരിച്ചു വരുന്നു. [Trs, PTA]
- അക്കാദമിക മികവിനായി പത്രങ്ങൾ, മാസികകൾ എന്നിവ പ്രയോജനപ്പെടുത്തുന്നു. [മലയാളം, ഇംഗ്ലീഷ് പത്രങ്ങൾ] [യുറീക്ക] [Trs]
- പഠനയാത്രകൾ നടത്തി
- ലൈബ്രറി നവീകരണം തുടരുന്നു [S.S.A, പൂർവ്വ വിദ്യാർത്ഥികൾ P.TA]
- ICT സാധ്യതകൾ മെച്ചപ്പെടുത്തുന്നു. [Smart class room]

# 6 നിലവിലുള്ള അവസ്ഥാവിശകലനം

അക്കാദമികം.

| ഇനം | നിലവിലുള്ളത് | ആവശ്യമുള്ളത് | നേടിയത്. |
|---|---|---|---|
| സ്കൂൾ ലൈബ്രറി | 1 അലമാര | 3 അലമാര | – |
| ക്ലാസ് ലൈബ്രറി | – | 8 അലമാര | 6 |
| ഗണിത ലാബ് | ഗണിത കിറ്റുകൾ | മെച്ചപ്പെട്ടതും കൂടുതൽ കിറ്റുകൾ ഗണിതമൂല | |
| ജൈവവൈവിധ്യ പാർക്ക് | ഉണ്ട് | മെച്ചപ്പെട്ടതും തുണ്ട്. | |
| പച്ചക്കറിത്തോട്ടം | വാഴ, മരച്ചീനി | പച്ചക്കറി കൃഷി, വാഴ തോട്ട നിർമ്മാണം | |
| പത്രം, വായന | മലയാളം പത്രം 1<br>ഇംഗ്ലീഷ് പത്രം 1 | കൂടുതൽ പത്ര പ്രതികൾ. | |
| Smart classroom | — | 1 | — |
| class P.T.A (മൂല്യ നിർണ്ണയം) | Corner PTA | ശാക്തീകരണം | – |

| ഭൗതികം. | | | |
|---|---|---|---|
| ചുറ്റുമതിൽ | ഉണ്ട് | – | – |
| കളിസ്ഥലം<br>office, class മുറികൾ | ഉണ്ട് | staff room | – |
| staff room | | 1 | – |
| കമ്പ്യൂട്ടർ മുറി | ഇല്ല | | |
| ഡൈനിംഗ് മുറി | ഇല്ല | — | — |

# വിദ്യാലയത്തിന്റെ നിലവിലുള്ള അവസ്ഥാ വിശകലനം

കുട്ടികളുടെ എണ്ണം.

| പ്രീപ്രൈമറി | | STD - 1 | | STD - 2 | | STD - 3 | | STD - 4 | | ആകെ | |
|---|---|---|---|---|---|---|---|---|---|---|---|
| ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ |
| 10 | 14 | 11 | 12 | 13 | 16 | 10 | 12 | 23 | 10 | | |

അധ്യാപകരുടെ എണ്ണം

അനുവദിച്ച തസ്തികകൾ.

| HM | LPSA | അറബിക് | ആകെ | ആൺ | പെൺ | ആകെ |
|---|---|---|---|---|---|---|
| 1 | 4 | 1 | 6 | 2 | 4 | 6 |

പ്രീപ്രൈമറി വിഭാഗം നിലവിലുള്ള അധ്യാപകർ.

| ടീച്ചർ | ആയ | ആകെ. | |
|---|---|---|---|
| 1 | 1 | 2 | പ്രീപ്രൈമറി വിഭാഗം PTA യുടെ നേതൃത്വത്തിൽ നടത്തുന്നു. |

## 7. മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

* ജൈവ വൈവിധ്യ പാർക്ക്
* ലൈബ്രറി വികസനം
* ആംഗലേയ ഭാഷാമികവ്
* വിവിധ ക്ലബ്ബുകൾ
* IED പ്രത്യേക പരിഗണന
* കൃഷിയെ പ്രോത്സാഹിപ്പിക്കൽ
* സർഗ്ഗശേഷി പ്രദർശനം
* വായനോത്സവങ്ങൾ
* അസംബ്ലികൾ
* പഠനയാത്രകൾ
* വിവിധ പത്രങ്ങൾ പ്രസിദ്ധീകരണങ്ങൾ
* ദിനാചരണങ്ങൾ
* P.T.A ബോധവൽക്കരണം (Corner PTA)
* Smart classroom
* കൈപ്പുസ്തകങ്ങൾ
* അധ്യാപക പരിശീലനങ്ങൾ
* പഠനയാത്രകൾ
* പോഷകസമൃദ്ധമായ ഉച്ചഭക്ഷണം
* കലാ കായിക പ്രോത്സാഹനം
* പരിസ്ഥിതി സൗഹാർദ്ദം.

# 8. പദ്ധതി വിശദാംശങ്ങൾ

# മലയാളം

പൊതുലക്ഷ്യം

ഭാഷ കേവലമായ ആശയോപാധി എന്നതിനപ്പുറം ഒരു ജനതയുടെ സാമൂഹ്യവും സംസ്കാരികവുമായ ജീവിതത്തിന്റെ പ്രതിഫലനം തന്നെയാണ്. മനുഷ്യർ സ്വന്തം സർഗ്ഗാത്മകാവിഷ്കാരങ്ങൾ നടത്തുന്നതും കലാസൃഷ്ടികൾ ആസ്വദിക്കുന്നതും ഭാഷ ഉപയോഗപ്പെടുത്തിയാണ്. തന്റെയും സമൂഹത്തിന്റെയും ഉന്നമനത്തിനായി ശക്തമായ ഉപകരണമായി ഭാഷ ഉപയോഗിക്കാൻ കുട്ടിയെ പ്രാപ്തനാക്കുക.

| ലക്ഷ്യം | പ്രവർത്തനം | കാലനിർണ്ണയം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വായനക്കൂട്ടം<br>എല്ലാ കുട്ടികളും<br>വായനയിലേക്ക് | . വായന കാർഡുകൾ<br>. വായനക്കൂട്ടം രൂപീകരിക്കൽ<br>. വായനക്കൂടാരം<br>. സ്കൂൾ ലൈബ്രറി<br>. പത്ര വായന<br>. പുസ്തക ചർച്ച<br>. വാർത്ത അവതരണം.<br>. ആനുകാലിക പ്രസിദ്ധീകരണങ്ങൾ വായന<br>. ആസ്വാദ്യകരമായ വായന പരിചയപ്പെടൽ<br>. വായനോത്സവം<br>. ഭാവാത്മക വായന, താളാത്മക വായന<br>. മികച്ച വായനക്കാർ<br>. വിലയിരുത്തൽ<br>. എല്ലാവരും വായനയിലേക്ക് പ്രയാണം. | ജൂൺ<br>to<br>ഡിസംബർ | HM<br>അധ്യാപകർ<br>PTA<br>പുസ്തകങ്ങൾ<br>pendrive | 5000/. |

| | ലക്ഷ്യം | പ്രവർത്തനം | കാലനിർണ്ണയം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|---|
| 2. | എഴുത്തുകൂട്ടം എല്ലാവരും എഴുത്തിലേക്ക് | • എഴുത്തുകൂട്ടം രൂപീകരണം.<br>• സംയുക്ത ഡയറി, സങ്കല്പിക ഡയറി, പ്രാദേശിക ചരിത്രം<br>• പുസ്തക ചർച്ച<br>• ആസ്വാദന കുറിപ്പ്<br>• വായന കുറുപ്പ്<br>• വ്യക്തി രചന<br>• സംഘ രചന<br>• അവതരണം<br>• പൊതുവേദികളിൽ സംസാരിക്കുന്നതിനുള്ള കഴിവ്<br>• എഴുത്തുകൂട്ടം വിലയിരുത്തൽ<br>• പതിപ്പുകൾ മാഗസിനുകൾ. | ജൂൺ 20 ജനുവരി | HM<br>അധ്യാപകർ<br>PTA | 5000/- |
| 3. | പഠനാനുഭവങ്ങളെ ദൃശ്യവത്കരിച്ച് അവതരിപ്പിക്കുന്നതിന്. [നാടകം, സ്കിറ്റ് നൃത്താവിഷ്കാരം] | • കുട്ടികൾ കഥ അവതരിപ്പിക്കുന്നു.<br>• റോൾ പ്ലേ<br>• ചർച്ച<br>• കഥാപാത്രങ്ങളെ തെരഞ്ഞെടുക്കൽ. | ജൂൺ to ജനുവരി | HM<br>അധ്യാപകർ | 1000/- |

| | ലക്ഷ്യം | പ്രവർത്തനം | കാലനിർണ്ണയം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| | | •കഥാപാത്രങ്ങളുടെ പ്രത്യേകത<br>. കഥാ സന്ദർഭങ്ങൾക്കനുസരിച്ച് സ്ക്രിപ്റ്റ് തയ്യാറാക്കൽ<br>• അവതരണം<br>• മെച്ചപ്പെടുത്തൽ<br>• റീഡേഴ്സ് തിയേറ്റർ. | | | |
| 4 | കൃഷി ഒരു സംസ്കാരമായി വളർത്തുന്നതിന്. | • നെൽപ്പാടം സന്ദർശനം<br>• കർഷകരുമായി ഒരു ദിവസം (അഭിമുഖം)<br>• ഞാറ്റുപാട്ട്, വായ്ത്താരികൾ പരിചയപ്പെടൽ.<br>• കൃഷിപതിപ്പ്<br>• ജൈവ കൃഷിയ്ക്കുള്ള ആരംഭം<br>• കൃഷിയുടെ പ്രാധാന്യം തിരിച്ചറിയുന്ന സന്ദേശങ്ങൾ പ്രചരിപ്പിക്കൽ<br>• കൃഷിപ്പാട്ടുകൾ കോർത്തിണക്കിയ നൃത്താവിഷ്കാരം<br>• അഭിനയഗാനങ്ങൾ. | ജൂൺ to ജനുവരി | HM<br>അധ്യാപകർ<br>PTA. | 500/- |

| | ലക്ഷ്യം | പ്രവർത്തനം | കാല ദൈർഘ്യം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|---|
| 5. | മഹത് വ്യക്തികളുടെ ആശയങ്ങൾ കുട്ടികളുടെ വ്യക്തിത്വ വികാസത്തിന് പ്രയോജനപ്പെടുത്തൽ. | • മഹാന്മാരുടെ ജീവചരിത്ര കുറിപ്പ് തയ്യാറാക്കൽ<br>• മഹത് വചനങ്ങൾ ശേഖരണം.<br>• മഹാന്മാരുടെ ചരിത്ര സംഭവങ്ങൾ വീഡിയോ പ്രദർശനം.<br>• ജീവിതാനുഭവങ്ങൾ പുനരാവിഷ്കരണം.<br>[ആശയ വ്യക്തതയ്ക്കുള്ള ക്രിയാത്മകമായ ഇടപെടൽ]<br>• കുട്ടികൾക്ക് ഏറ്റെടുക്കാവുന്ന പ്രവർത്തനങ്ങൾ പട്ടികപ്പെടുത്തൽ.<br>• സാഹിത്യ സാംസ്കാരിക ചരിത്ര ഗാലറി.<br>[സാഹിത്യകാരന്മാരുടെ ചിത്രങ്ങൾ, ജീവ ചരിത്രക്കുറിപ്പുകൾ മഹത്വചനങ്ങൾ, ദിനങ്ങൾ എന്നിവ -, കുട്ടികൾ, അധ്യാപകർ രക്ഷിതാക്കൾ എന്നിവർ ചേർന്ന് തയ്യാറാക്കുന്നു]. | ആഗസ്റ്റ് - ജനുവരി | HM അധ്യാപകർ | — |

| | ലക്ഷ്യം | പ്രവർത്തനം | കാലനിർണ്ണയം. | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| | കടങ്കഥകൾ പഴഞ്ചൊല്ലുകൾ, വായ്ത്താരികൾ, ശൈലികൾ എന്നിവ ശേഖരിക്കൽ, അവതരിപ്പിക്കൽ. | • പാഠഭാഗവുമായി ബന്ധപ്പെട്ട കടങ്കഥ ശേഖരണം.<br>. പഴഞ്ചൊല്ലുകൾ കണ്ടെത്താൻ [സന്ദർഭോചിതം]<br>• ശൈലികൾ ചൊല്ലുകൾ ശേഖരണം, അവതരണം.<br>• കടങ്കഥ പയറ്റ്<br>• എന്റെ കടങ്കഥ പുസ്തകം തയ്യാറാക്കൽ. | ജൂൺ to ജനുവരി | ടീം അധ്യാപകർ | - |

# ഗണിതം

പൊതുലക്ഷ്യം

എല്ലാ കുട്ടികളെയും ഗണിതത്തിന്റെ രസികത്വം അനുഭവിക്കുന്നതിനും ദൈനംദിന ജീവിത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ഗണിതത്തെ പ്രയോജനപ്പെടുത്തുന്നു.

| ക്രമ നം | ലക്ഷ്യം | പ്രവർത്തനം | കാലനിർണ്ണയം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|---|
| 1) | സംഖ്യാബോധം | ക്ലാസ് I, II – 1 to 100<br>ക്ലാസ് III, IV – 1 to 10000<br>· സംഖ്യാകളികൾ<br>· അബാക്കസ്<br>· സംഖ്യാഗാനം<br>· സംഖ്യാകളികൾ<br>· മുത്തിയും, ചാമ്പും<br>· ചീട്ടുചേർക്കൽ<br>· നോട്ടുകളി<br>· സ്ഥാനവില ബ്ലോക്ക്<br>· സംഖ്യാ പസ്സിലുകൾ<br>· കുസൃതി കണക്കുകൾ<br>· ചാർട്ട് നിർമ്മാണം. | ജൂൺ – ഓഗസ്റ്റ് ആദ്യവാരം | HM<br>അധ്യാപകർ<br>PTA | 1000/- |
| 2) | പ്രായോഗിക പ്രശ്നങ്ങൾ വിശകലനം ചെയ്യുന്നതിനും പ്രശ്നപരിഹാരം കാണുന്നതിനും | · സ്കിറ്റുകൾ<br>· കച്ചവടക്കളികൾ<br>· നോട്ട് കളികൾ. | ജൂൺ – ഡിസംബർ മധ്യവാരം | അധ്യാപകർ<br>PTA | 1000/- |
| 3) | ഗണിത രൂപങ്ങൾ, തിരിച്ചറിയുന്നതിനും, നിർമ്മിക്കുന്നതിനും | · ചുറ്റുപാടുമുള്ള രൂപങ്ങൾ, പട്ടികപ്പെടുത്തുന്നു തിരിച്ചറിയുന്നു.<br>· രൂപങ്ങളുടെ പ്രത്യേകതകൾ വിശദീകരിക്കുന്നു നിർമ്മിക്കുന്നു.<br>· ശിൽപശാല | | | |

| | | | | | |
|---|---|---|---|---|---|
| | | • രൂപങ്ങൾ വെച്ച് നിർമ്മാണ പ്രവർത്തനങ്ങൾ. | ജൂൺ to ഡിസംബർ | HM അധ്യാപകർ | 500/- |
| 4) | നിത്യജീവിതത്തിൽ കഴിച്ചുകൂടാൻ കഴിയാത്ത സമയം, കലണ്ടർ അക്കങ്ങൾ എന്നീ ആശയങ്ങൾ രൂപപ്പെടുത്തുന്നതിന് | .) കലണ്ടർ പരിചയം<br>.) കലണ്ടർ കൗതുകം<br>.) കലണ്ടർ നിർമ്മാണം<br>.) കലണ്ടർ കളികൾ<br>.) എന്റെ ഒരു ദിവസം<br>.) സ്കൂളിലെ സമയം<br>.) ക്ലോക്കിലെ കൗതുകം<br>.) ക്ലോക്ക് നിർമ്മാണം<br>.) ഉച്ചഭക്ഷണം കുട്ടികളിലൂടെ<br>.) പാൽ വിതരണം. | | | |
| 5) | ഗണിതാഭിരുചി വളർത്തുന്നതിന്. | • ഗണിത ശാസ്ത്രജ്ഞരെ ജീവചരിത്രം തയ്യാറാക്കുന്നതിന്.<br>• സംഖ്യാപാട്ടുകൾ<br>• ഗണിത പസ്സിലുകൾ<br>• കുസൃതി കണക്കുകൾ<br>• ഗണിത മാഗസിൻ<br>• ഗണിത ക്വിസ്. | ദീർഘകാലം ജൂൺ to ഫെബ്രുവരി | HM അധ്യാപകർ PTA. | 1000/- |

| | ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലദൈർഘ്യം | സാമ്പത്തികം. |
|---|---|---|---|---|---|
| 3 | നിത്യജീവിതത്തിൽ ഒഴിച്ചുകൂടാൻ കഴിയാത്ത നീളം, ഭാരം, സമയം, എന്നിവയെക്കുറിച്ച് ധാരണ കൈവരിക്കുന്നതിന്, പ്രായോഗിക തലത്തിൽ പ്രയോജനപ്പെടുത്തുന്നതിന്. | **അളവ്** :- മില്ലിമീറ്റർ, സെന്റിമീറ്റർ എന്നിവ പരിചയപ്പെടൽ, അളവുകൾ മാറ്റൽ, ചുറ്റുപാടുമുള്ള വസ്തുക്കളെ അളക്കൽ<br>* സ്കെയിൽ നിർമ്മാണം<br>* സ്വന്തം നീളം അളക്കുന്നു.<br>* പട്ടിക അപഗ്രഥനം. | ക്ലാസ് 4 ഡിസംബർ 14 ന അധ്യാപകർ | — ഒരുമാസം | — |
| | | **ഭാരം**<br>* ഗ്രാം, കിലോഗ്രാം തിരിച്ചറിയുന്നു.<br>* കളിത്രാസ് നിർമ്മാണം<br>* ത്രാസ് ഉപയോഗിച്ച് ഭാരം അളക്കൽ.<br>* കച്ചവടക്കളികൾ | " | " | — |
| | | **സമയം**<br>* സെക്കന്റ്, മിനിറ്റ്, മണിക്കൂർ ഇവ തമ്മിലുള്ള ബന്ധം തിരിച്ചറിയുന്നു<br>* സമയം നോക്കൽ<br>* ക്ലോക്ക് നിർമ്മാണം<br>* 12 മണിക്കൂർ 24 മണിക്കൂർ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ. | " | " | — |

# ഇംഗ്ലീഷ്

പൊതുലക്ഷ്യം.

പഠനത്തിനും ആശയവിനിമയത്തിനും സഹായകമായ രീതിയിൽ ഇംഗ്ലീഷ് ഭാഷാനൈപുണ്യം ശക്തിപ്പെടുത്തുക. ഇംഗ്ലീഷ് ആശയവിനിമയത്തിൽ കുട്ടികൾ മികവാർജ്ജിതായി പൊതുസമൂഹത്തെ ബോധ്യപ്പെടുത്തൽ.

| ലക്ഷ്യം | പ്രവർത്തനം | കാലനിർണ്ണയം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| 1) ഇംഗ്ലീഷ് ഭാഷയോട് താത്പര്യം ജനിപ്പിക്കുന്നതിന്. | * ലളിതമായ Rhyme കേൾക്കൽ<br>* അവതരണം<br>* ഗ്രൂപ്പ് അവതരണം<br>* വ്യക്തിഗത അവതരണം<br>* ഇംഗ്ലീഷ് കഥ കേൾക്കൽ<br>* കഥ പറയൽ. | | | |
| 2) ഇംഗ്ലീഷ് ഭാഷ അനായാസമായി വായിക്കാനും, എഴുതാനും. | * spoken ഇംഗ്ലീഷ് ക്ലാസ്സുകൾ.<br>* വാക്ക് നിർമ്മാണം<br>* സംഭാഷണം<br>* കേൾക്കൽ-അവതരണം<br>* ഇംഗ്ലീഷ് അസംബ്ലി<br>* ചിത്ര കഥാവതരണം<br>* Picture discription<br>* പ്രസംഗ മത്സരങ്ങൾ<br>* skit അവതരണം. | | | |
| 3) ഇംഗ്ലീഷ് ഭാഷയിൽ എഴുതുന്നതിന്. | * സംഭാഷണം തയ്യാറാക്കൽ<br>* അവതരണം.<br>* നോട്ടീസ് തയ്യാറാക്കൽ<br>* പോസ്റ്റർ നിർമ്മാണം<br>* മാഗസിൻ നിർമ്മാണം. | | | |

| ലക്ഷ്യം | പ്രവർത്തനം | കാലദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് ആശയവിനിമയത്തിൽ കുട്ടികളുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കൽ, പൊതുസമൂഹത്തെ ബോധ്യപ്പെടുത്തൽ. | * ഇംഗ്ലീഷ് ബാലസഭകൾ<br>* കോർണർ PTA കളിൽ ഇംഗ്ലീഷ് Rhyme, പ്രസംഗം Discription, skit അവതരണം.<br>* കുട്ടികളുടെ മികവുകളുടെ പ്രദർശനം<br>* പത്രവായന. | | | |

# പരിസര പഠനം

പൊതുലക്ഷ്യം

ഹരിതകേരളം എന്ന ലക്ഷ്യം കൈവരിക്കുന്നതിനും. കുട്ടിയിൽ പ്രകൃതി സ്നേഹവും അതുവഴി പ്രകൃതി സംരക്ഷണ പ്രവർത്തനങ്ങളിൽ പങ്കാളിയാകുന്നതിനും. അതിലൂടെ ഒരു ജൈവവൈവിധ്യ സംസ്കാരം രൂപപ്പെടുത്തിയെടുക്കുന്നതിനും.

| | ലക്ഷ്യം | പ്രവർത്തനം | കാലനിർണ്ണയം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|---|
| 1) | നിരീക്ഷണം. നിരീക്ഷണത്തിലൂടെ പരമാവധി ഇന്ദ്രിയാനുഭവങ്ങളിലൂടെ വിവരങ്ങൾ ശേഖരിക്കുന്നു. വിശകലനം ചെയ്ത് സാമ്യ വ്യത്യാസം കാണുന്നു. | • പ്രകൃതി നടത്തം<br>• നിരീക്ഷണാനുഭവം പറയൽ<br>• രേഖപ്പെടുത്തൽ<br>• ചർച്ച<br>• വർഗ്ഗീകരണം<br>• നിഗമനം<br>• ലഘുകവിതകൾ<br>• കഥകൾ<br>• കടങ്കഥകൾ<br>• ലഘുപരീക്ഷണങ്ങൾ<br>• പഠനയാത്രകൾ<br>• അനുഭവങ്ങൾ പങ്കുവെക്കൽ | ജൂൺ to ഡിസംബർ | HM<br>അധ്യാപകർ<br>PTA | 1000/- |
| 2) | ചുറ്റുപാടുമുള്ള മാറ്റങ്ങൾ തിരിച്ചറിയുന്നു. ഉൾക്കൊള്ളുന്നു. | • സസ്യങ്ങൾ തിരിച്ചറിയുന്നു.<br>• വർഗ്ഗീകരണം [പ്രത്യേകതകൾ]<br>സസ്യങ്ങൾ നട്ടുവളർത്തുന്നു.<br>• പൂന്തോട്ട നിർമ്മാണം<br>• പ്രദർശനങ്ങൾ<br>• ശേഖരണം<br>• കളിപ്പാട്ട നിർമ്മാണം. | ജൂൺ to ജനുവരി | HM<br>അധ്യാപകർ | - |

| | ലക്ഷ്യം | പ്രവർത്തനം | കാലനിർണ്ണയം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|---|
| 5 | വ്യക്തി ശുചിത്വവും പരിസര ശുചിത്വവും, പ്രായോഗിക തലത്തിൽ ഉറപ്പുവരുത്തുന്നു. | വ്യക്തി ശുചിത്വത്തിന്റെ ആവശ്യകത തിരിച്ചറിയൽ.<br>· പോസ്റ്റർ പ്രദർശനം<br>· ആരോഗ്യ ക്ലാസ്<br>· വ്യക്തി ശുചിത്വം വിലയിരുത്തൽ.<br>· പോസ്റ്റർ നിർമ്മാണം<br>· പ്രസംഗം<br>· ശുചിത്വ പാട്ട്<br>· ശരിയായ മാലിന്യ സംസ്കരണം, വേർതിരിവ് [ജൈവ, അജൈവം]<br>· ശുചിത്വ പൂർണ്ണമായ സ്കൂൾ അന്തരീക്ഷം ഉറപ്പുവരുത്തുന്നു.<br>· ലഘുലേഖകൾ വിതരണം | ജൂൺ to ഫെബ്രുവരി | HM അധ്യാപകർ | - |
| 4) | റോഡ് നിയമങ്ങൾ പാലിക്കുന്നു. മനസ്സിലാക്കുന്നു നിയമങ്ങൾ പാലിക്കേണ്ടത് തന്റെ കടമയെന്ന് തിരിച്ചറിയുന്നു. | · ചാർട്ട് പ്രദർശനം<br>· വീഡിയോ ക്ലിപ് പ്രദർശനം.<br>E അപകടങ്ങളെക്കുറിച്ച്]<br>· ട്രാഫിക് ബോധവത്കരണം.<br>· റോൾ പ്ലേ<br>· സിഗ്നൽ ലൈറ്റുകൾ പരിചയപ്പെടൽ<br>· സിഗ്നലുകളുടെ നിർമ്മാണം. | ജൂൺ to ഡിസംബർ | HM അധ്യാപകർ | - |

| | ലക്ഷ്യം | പ്രവർത്തനം | കാലനിർണ്ണയം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|---|
| | | • റോഡ് സുരക്ഷ ബോധവത്കരണം ക്ലാസുകൾ നടത്തുന്നു. | | | |
| 5) | ചുറ്റുപാടുകളുടെ ആരോഗ്യ പ്രശ്നങ്ങൾ തിരിച്ചറിയുന്നു. ആരോഗ്യസംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. | • രോഗാണു വാഹകരായ ജീവികളെ തിരിച്ചറിയുന്നു.<br>• ഡ്രൈഡേ ആചരിക്കുന്നു. ആരോഗ്യ ക്ലബ് പ്രവർത്തനം.<br>• ചുമർപത്രിക നിർമ്മാണം.<br>• ആരോഗ്യ ശീലങ്ങൾ പാലിക്കുന്നു. പ്രചരിപ്പിക്കുന്നു.<br>• വ്യായാമ പരിശീലനം<br>• ശുചിത്വ സർവ്വേ<br>• ഭക്ഷ്യസാധനങ്ങൾ, പ്ലാസ്റ്റിക്കിനെ, ജീവകാരുണ്യ പ്രവർത്തനങ്ങളിൽ പങ്കാളിയാകുന്നതിന്<br>• അനാഥാലയങ്ങൾ സന്ദർശിക്കുന്നു. | ജൂൺ to ജനുവരി | HM<br>അധ്യാപകർ<br>PTA | - |
| 6) | ശാസ്ത്രപരീക്ഷണങ്ങളിലൂടെ ശാസ്ത്രാഭിരുചി വളർത്തിയെടുക്കൽ | • ശാസ്ത്ര മേളകൾ സംഘടിപ്പിക്കൽ.<br>• ക്ലാസ് തലത്തിൽ ലഘു പരീക്ഷണശാലകൾ<br>• ലഘുപരീക്ഷണ സാമഗ്രികൾ നിർമ്മാണം. | ജൂൺ to ജനുവരി | HM<br>അധ്യാപകർ | 1000/- |

| | ലക്ഷ്യം | പ്രവർത്തനം | കാലദൈർഘ്യം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|---|
| | | ലഘുപരീക്ഷണങ്ങൾ<br>• നിത്യജീവിതത്തിലെ ശാസ്ത്ര തത്വങ്ങൾ തിരിച്ചറിയുന്നതിന്. | | | |
| 7) | ഔഷധത്തോട്ട നിർമ്മാണം. | • ഔഷധ സസ്യങ്ങൾ പട്ടികപ്പെടുത്തുന്നു. ശേഖരിക്കുന്നു.<br>• പരിപാലിക്കുന്നു.<br>• പ്രായോഗികവത്കരിക്കുന്നു. | ജൂൺ to ജനുവരി | HM അധ്യാപകർ PTA | [illegible] |
| 8) | ചുറ്റുപാടുമുള്ള ജൈവ വൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങളിൽ പങ്കാളിയാകുന്നതിന്. | • മരങ്ങൾ വെച്ചുപിടിപ്പിക്കുന്നു. സംരക്ഷിക്കുന്നു.<br>• മഴവെള്ള സംഭരണം<br>• മണ്ണൊലിപ്പ് തടയുന്നു.<br>• ശരിയായ മാലിന്യ സംസ്കരണ ശീലം വളർത്തൽ<br>• ജലസ്രോതസ്സുകൾ സംരക്ഷണം.<br>• പരിസ്ഥിതി പ്രവർത്തനങ്ങളേറ്റെടുക്കൽ<br>• പുഴ സന്ദർശനം<br>• ഹരിതനിയമാവലി പാലിക്കുന്നതിന്. | ജൂൺ to ജനുവരി | HM അധ്യാപകർ | – |

| | ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലദൈർഘ്യം | സാമ്പത്തികം. |
|---|---|---|---|---|---|
| 9) | "പ്ലാസ്റ്റിക് വിരുദ്ധ നാട്" എന്ന ലക്ഷ്യം കൈവരിക്കൽ. | · ഹരിതനിയമാവലി പ്രചാരണം.<br>· പേപ്പർ ബാഗുകൾ തുണി സഞ്ചികൾ നിർമ്മാണം.<br>· പ്രചാരണം<br>· പ്ലാസ്റ്റിക് വിരുദ്ധ തെരുവു നാടകം. | ജൂൺ to ജനുവരി<br>HM<br>അധ്യാപകർ<br>PTA | മധ്യകാലം | |
| 10) | നാടിന്റെ പ്രാദേശിക ചരിത്രവും സംസ്കാരവും. | · ചരിത്ര സ്മാരകങ്ങൾ സന്ദർശനം.<br>· പരിചയപ്പെടൽ<br>· വിവരശേഖരണം<br>· അഭിമുഖ സംഭാഷണം<br>· നാടിന്റെ പ്രാദേശിക ചരിത്രം തയ്യാറാക്കൽ<br>· സ്കൂൾ ചരിത്ര ഗാലറി വിപുലീകരണം. | " | " | |
| 11) | കേരളീയ സംസ്കാരം, പ്രകൃതി വൈവിധ്യങ്ങൾ, കലകൾ തൊഴിലുകൾ മണ്ണിവ ശേഖരിച്ച് നമ്മുടെ സംസ്കാരത്തിൽ അഭിമാനം കൊള്ളുന്നതിനും രേഖപ്പെടുത്തലുകൾ നടത്തുന്നതിനും. | · ഭൂപട നിരീക്ഷണം<br>· ജില്ലകളിലൂടെ<br>· കേരളീയ കലകൾ<br>· വിവിധ തൊഴിലുകൾ<br>· അഭിമുഖം<br>· പ്രസംഗം<br>· പതിപ്പ് നിർമ്മാണം<br>· ചരിത്ര പ്രദർശനം<br>· നിയമസഭാ മ്യൂസിയം സന്ദർശനം. | | " | |

| [illegible] | ലക്ഷ്യം | പ്രവർത്തനം | കാലദൈർഘ്യം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|---|
| | | ചരിത്ര സംഭവങ്ങൾ പുനരാവിഷ്കരണം.<br><br>അനുബന്ധം<br>. അധികവായനയ്ക്കുള്ള പുസ്തകങ്ങൾ<br>. കേരള സംസ്കാരവും ചരിത്രവും, നാടൻ കലകൾ.<br>. ചരിത്ര മുഹൂർത്തങ്ങൾക്ക് IT സാധ്യത പ്രയോജനപ്പെടുത്തുന്നു. | | | |

# ഭിന്നശേഷിക്കാർ പൊതുധാരയി- ലേക്ക്

പൊതുലക്ഷ്യം

ഭിന്നശേഷിക്കാരെ പ്രത്യേകം പരിഗണിച്ച് സമൂഹത്തിന്റെ പൊതുധാരയിലേക്ക് കൈപിടിച്ചു കയറ്റുന്നതിന്.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭിന്നശേഷിക്കാരെ തിരിച്ചറിയൽ | • ക്ലാസ് അധ്യാപകർ രക്ഷിതാക്കളുടെ സഹായത്തോടെ കുട്ടികളെ കണ്ടെത്തുന്നു.<br>• BRC യിൽ അറിയിപ്പ് നൽകൽ<br>• രക്ഷകർതൃയോഗം വിദഗ്ധ ഡോക്ടറുടെ സേവനം. | | | |
| 2) കുട്ടികളുടെ സർഗ്ഗശേഷികൾ കണ്ടെത്തൽ | • കലാമേള സംഘടിപ്പിക്കൽ.<br>• കൈത്തൊഴിൽ നിർമ്മാണ പരിശീലനം [ബാഗ്, പൂക്കൾ....etc]<br>• ചിത്രരചന<br>• പരിശീലനം. | | | |
| 3) ബോധവത്ക്കരണം [കുട്ടികൾ, രക്ഷിതാക്കൾ] | • ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കൽ.<br>• ഉപകരണം ആവശ്യമുള്ളവരെ കണ്ടെത്തൽ (ശ്രവണം, ചലനം, കാഴ്ച കേൾവി) | | | |
| 4) ഭിന്നശേഷിക്കാരെ പഠനപ്രവർത്തനങ്ങളിൽ സജീവമാക്കുന്നതിന്. | • പ്രത്യേക ക്ലാസുകൾ [രക്ഷിതാക്കളുടെ സാന്നിധ്യത്തിൽ]<br>അക്ഷര കാർഡ്, പദകാർഡ് നിർമ്മാണം, വായന | | | |

| | | | | |
|---|---|---|---|---|
| | സർഗശേഷികൾ ഉണർത്താൻ<br>• പഠനയാത്രകൾ സംഘടിപ്പിക്കാൻ<br>• ഷോർട്ട് ഫിലിം പ്രദർശനം.<br>[ഹെലൻ കെല്ലർ, ശാലിനി സരസ്വതി]<br>• കായിക ക്ഷമത യോഗപരിശീലനം. | | | |

# 9. പ്രതീക്ഷിത നേട്ടങ്ങൾ

- എല്ലാ കുട്ടികളും എഴുത്തിലും വായനയിലും കഴിവ് നേടുന്നു.
- ഇംഗ്ലീഷ് ഭാഷ നിലവാരം ഉയർത്തുന്നു.
- ഗണിതത്തിലെ സംഖ്യാബോധം ചതുഷ്ക്രിയകൾ, പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം എന്നിവയിൽ കഴിവ് നേടുന്നു.
- വായനയിലെ താത്പര്യം ജനിപ്പിക്കുകയും നല്ലൊരു വായനക്കാരനാകുകയും ചെയ്യുന്നു.
- പൊതു വിജ്ഞാനം വർധിക്കുന്നതിലൂടെ മത്സര പരീക്ഷകളിൽ പങ്കാളിയാകുന്നു.
- സർഗ ശേഷി വികാസം പൊതു വേദികളിൽ അവതരണം.
- പഠന പിന്നോക്കക്കാർക്ക് മലയാളത്തിളക്കം, ശ്രദ്ധ എന്നിവയിലൂടെ മുന്നോക്കക്കാരാകുക.
- IED പ്രത്യേക പഠന പ്രവർത്തനങ്ങൾ IED കുട്ടികൾക്ക് മികവ് പുലർത്താൻ കഴിയുന്നു.
- കലാ കായിക രംഗങ്ങളിൽ മികച്ച പ്രകടനം നടത്താൻ കഴിയുന്നു.
- ICT പഠനം ഉപയോഗിച്ച് കൂടുതൽ സാങ്കേതിക വിവരശേഖരണം നടക്കുന്നു.
- ജൈവ സംസ്കാരമുള്ള പുതിയ തലമുറയെ പ്രാപ്തരാക്കുന്നു.

# 10 മോണിറ്ററിംഗ്

വിദ്യാലയത്തിലെ അക്കാദമിക പ്രവർത്തനങ്ങൾ -
എല്ലാ ദിവസവും ഹെഡ്മാസ്റ്റർ നിരീക്ഷിക്കുകയും വിലയി-
രുത്തുകയും ചെയ്യുക. ആഴ്ച്ചയിലൊരിക്കൽ എല്ലാ കുട്ടിക-
ളുടേയും മികവുകൾ കണ്ടെത്തുക, പോരായ്മകൾ പരി-
ഹരിക്കുക. P.T.A SRG യിൽ വിഷയങ്ങൾ ചർച്ച ചെയ്ത് -
വേണ്ട സപ്പോർട്ട് നൽകി വിദ്യാലയത്തിനെ മികവിന്റെ -
കേന്ദ്രമാക്കി മാറ്റുക.

BRC, ഡയറ്റ് ഫാക്കൽറ്റി, O.S.S, SSA എന്നിവരുടെ-
സന്ദർശനം മോണിറ്ററിംഗ് എന്നതിലുപരി വേണ്ട നിർദ്ദേ-
ശങ്ങളും പോരായ്മകളും പരിഹരിച്ച് മുന്നോട്ട് പോകുക
എന്ന ലക്ഷ്യം വിദ്യാലയത്തിന്റെ സർവതോന്മുഖമായ -
വികസനത്തിന്റെ മാർഗമാകുന്നു. ആസൂത്രണം ചെയ്ത-
പ്രവർത്തനങ്ങൾ എത്രമാത്രം ഫലപ്രദമാകുന്നു എന്ന
നിരീക്ഷണം അക്കാദമിക മാസ്റ്റർ പ്ലാനിന്റെ പ്രവർത്തന
ങ്ങൾ വിലയിരുത്തപ്പെടുന്നു.

## 11. ഉപസംഹാരം.

സമഗ്ര ഗുണമേന്മാ വിദ്യാലയ വികസന രേഖ പൊതു വിദ്യാലയത്തെ എല്ലാ അർത്ഥത്തിലും മികവിന്റെ കേന്ദ്രമാക്കാൻ സഹായിക്കുമെന്നതിൽ സംശയമില്ല. അതിൻ പ്രകാരം നമ്മുടെ സ്കൂളിന്റെ സർവതോന്മുഖമായ വികാസം നാടിന്റെ അഭിമാനമായി മാറാൻ സഹായിക്കും. ഭാവിയുടെ സാംസ്കാരിക കേന്ദ്രമായി സ്കൂളിനെ മാറ്റിയെടുക്കുന്നതിന് നമ്മൾ പങ്കാളികളാകുന്നതിൽ അഭിമാനിക്കാം. സമസ്ത മേഖലയിലുള്ളവരുടെ സഹായം ഈ പദ്ധതിയുടെ വിജയത്തിന് ഉണ്ടാകുമെന്ന പ്രതീക്ഷയോടെ ഒത്തൊരുമിച്ച് വരും തലമുറയെ മികവുറ്റവരാക്കി മാറ്റാൻ നമ്മൾക്ക് കഴിയുമെന്ന് കരുതാം.

## 12. അനുബന്ധം.